പേ...

കുറച്ചു നാളുകൾ മുൻപുള്ള ഒരു സായാഹ്നത്തിൽ സൂര്യൻ എന്നേക്കുമായി ലോകത്തോട് വിട പറഞ്ഞു. കേട്ടു പഴകിയ രേഖീയമായ ലോകാവസാന തിയറികളെ കടത്തിവെട്ടി ഒരു ഭീതിയും വിതയ്ക്കാതെ ലോകം അവസാനിച്ചു.. അതു വരെ പകലാഴങ്ങളിൽ പതുങ്ങിയിരുന്ന ഇരുൾ അർബുദം പോലെ എല്ലായിടവും പടർന്നു. വൃക്ഷങ്ങളും ചെടികളും പുൽക്കൊടികളും വാടിക്കരിഞ്ഞു. ഭൂമിയിൽ എടുക്കാൻ ശ്വാസമില്ല. ചത്തൊടുങ്ങിയ ജീവജാലങ്ങൾ പുഴുത്തു പിന്നെ ജീർണിച്ചു. ഭൂമിയുടെ വറ്റിവരണ്ട മുലക്കണ്ണിൽ ഞാൻ കുത്തിയ കുഴൽക്കിണറുകളും, വാസനക്കായി പത കലക്കി മലിനമാക്കിയ കുളങ്ങളും വറ്റിവരണ്ടിരുന്നു.

 നിരത്തിൽ വീണ വിള്ളലുകളിലൂടെ പാറയുരുകി പ്ലാസ്മയായി ഒഴുകുന്നു. ഇഹ ലോകത്തിൽ കാമമോ, ദേഷ്യമോ, വിശപ്പോ, ദുഷിപ്പോ ഇല്ല. ശാന്തത എങ്ങും മൗനം പാലിച്ചിരുന്നു. താരപരിവേഷമില്ലാതെ ആകാശം കറുത്ത പുതപ്പിനടിയിൽ ഉറക്കം നടിച്ച് കിടന്നു.

കോലാഹലങ്ങളൊഴിഞ്ഞ ലോകം മേശയുടെ വക്കത്തേക്കരുളുന്ന കാലിയായ ഒരു ഉരുളൻ കുപ്പി പോലെയിരുന്നു. അതിനുള്ളിൽ ഞാൻ അലഞ്ഞു തിരിഞ്ഞപ്പോൾ ആ ഏകാന്തതയെ പകർത്തുവാൻ പേപ്പറുകളും പേനകളും തേടി ഞാനലഞ്ഞു.നയന പാനങ്ങളെല്ലാം ഇരുളിന്റെ വക്കിൽ വഴിമുട്ടി നിന്നു. വികാരങ്ങൾ ഒടുങ്ങി തോന്നലുകൾ മാത്രമായി ഞാൻ നടന്നു.എനിക്ക് പ്രിയപ്പെട്ടവരുടെ പേരുകൾ അലറിക്കൊണ്ടു ഞാൻ അലഞ്ഞു നടന്നപ്പോൾ ഒടുങ്ങിയ ജീവന്റെ അവസാന തുടിപ്പുകൾ എന്നിലേയ്ക്ക് മാത്രമായി വിരൽ ചൂണ്ടി നിന്നു.

ഞാൻ നടന്നു.....

എല്ലാം ഞെരിഞ്ഞമർന്ന തെരുവുകളിൽ പാതി കത്തിയനിലയിലൊരു വീട് വിശ്രമിച്ചിരുന്നു. അവിടേയ്ക്ക് എന്നെ നയിച്ചത് കൂരിരുട്ടാണ്.

ഒരനക്കം!!!

ഞാൻ കാതോർത്തു , പിന്നിലൂടെയത് വശങ്ങളിലും പിന്നെ അരികത്തുമെത്തി നിന്നു.

ആ അനക്കം; അതൊരു കുരയായി...വലതുകാലിൽ ഒരീർപ്പം. പട്ടിയുടെ നാവിലെ വെള്ളമൂറി എന്റെ കാലിൽ ഇറ്റി . ഞാൻ കാലു വലിച്ചു.

ചെറുങ്ങിയ ഒരു ശബ്ദത്തോടെ ആ പട്ടി ചോദിച്ചു,

" ഒന്നു കടിച്ചോട്ടെ ?.... "

എത്ര ശ്രമിച്ചിട്ടും എനിക്ക് അതിശയിക്കാൻ പറ്റുന്നില്ല . അത് എന്തുകൊണ്ട് എന്ന് ഓർക്കാനും പറ്റുന്നില്ല.

ഞാൻ ചോദിച്ചു " നീ മലയാളം എങ്ങിനെ പഠിച്ചു "?

പട്ടിയിരുന്നു ചിരിച്ചു, എന്നിട്ട് പറഞ്ഞു,

" കേട്ട് പഠിച്ചതാ. ഇപ്പം മനസ്സിലായില്ല പട്ടിക്കും മലയാളം പറയാമെന്നു. ഞാനൊന്നു കടിച്ചോട്ടെ? "

നിർവികാരനായ ഞാൻ തുടർന്നു ചോദിച്ചു,

" നിനക്ക് പേയുണ്ടോ " ?

പട്ടിയൊന്നു ശ്വാസം പിടിച്ച ശേഷം ഒരു സംശയത്തോടെ പറഞ്ഞു,

" ഇല്ലന്ന് തോന്നുന്നു. ചിലപ്പോൾ കാണുമായിരിക്കും, എന്തേ ചോദിച്ചത്? ".

പട്ടിക്ക് കടിക്കാൻ കാലിൽ നല്ല ഒരു സ്ഥലം തപ്പുന്നതിനിടെ ഞാൻ പറഞ്ഞു,

" നിന്റെ നാക്കിലൂറിയ ഉൻമാദത്തിന്റെ ഉറവകൾ എന്റെ കാലിലിറ്റിയിരുന്നു. കുറച്ച് വെള്ളം കുടിച്ചു ചാകണമെന്നാണ് ആഗ്രഹം. പേ പിടിച്ചാൽ അതു നടക്കുകില്ല. ഇനിയും കിടക്കണമെന്നാണങ്കിൽ നീ ഒന്ന് കമ്മിക്കോ."

ഉന്മാദം , ഉറവ എന്നൊക്കെപ്പറഞ്ഞകേട്ടപ്പോൾ പട്ടി വികാരാധീനനായോ എന്നൊരു സംശയം തോന്നി. സമാധാനിപ്പിക്കുവാൻ ഇരുളിൽ അവന്റെ തല തപ്പിത്തലോടുവാൻ തുടങ്ങി.

പട്ടി അവന്റെ നാക്കിലൂറിയ വെള്ളം തൂത്തു കൊണ്ടു പറഞ്ഞു,

" എനിക്ക് പരിചയമില്ലാത്തവരെ കണ്ട് പറയാതെ കുരക്കുന്നതും കടിക്കുന്നതുമൊക്കെയാണ് ശീലം. ഇതിപ്പോൾ ലോകം അവസാനിച്ചതല്ലേ താങ്കൾക്ക് ആശുപത്രിയും കുത്തിവെയ്പ്പും കിട്ടുവാൻ വഴിയില്ലല്ലോ. പോരങ്കിൽ നിങ്ങളുടെ കാലിന് വല്ലാത്ത നീർക്കെട്ടുമുണ്ട്."

ഇരുളിൽ തപ്പിത്തടഞ്ഞു നിന്ന ഞാൻ പര സഹായിയായ കുട്ടനെ ഒന്നു കളിയാക്കാനുറച്ചു.... ,

"എടാ പട്ടിക്കുട്ടാ , നീ ഏതാ ഇനം ? ഞങ്ങൾ മനുഷ്യരെ പ്പോലെ നിങ്ങൾക്കും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുണ്ടോ? , അതോ ഇപ്പോഴും തമ്പ്രാൻ അടിയാൻ വ്യവസ്ഥയാണോ ??"

പട്ടിക്കുട്ടൻ ഒന്നു തല കുലുക്കി പിന്നെ പ്പറഞ്ഞു.

'' താങ്കൾക്ക് കണ്ണു കാണാൻ വയ്യ ... തത്കാലം അതാണ് പ്രശ്നം. പക്ഷേ എനിക്ക് കണ്ണുകാണാം. പിന്നെ നിങ്ങളുടെ കൂട്ടത്തിലെ വോട്ടർകാർഡില്ലാത്ത വർക്കും ഞങ്ങൾക്കും ഒരുപേരെയുള്ളൂ.

" പട്ടികൾ !!! "

ഞാനൊന്നും മിണ്ടാതെഅവന്റെ തലയിലൂടെത്തലോടി പിടലി

യിലെത്തിയപ്പോൾ വീണ്ടും ചോദിച്ചു, " നിനക്ക് ചങ്ങല പൂട്ടാൻ കോളറില്ലേ ? "

പട്ടി പരിഹസിച്ചതാവണം ഒന്നു ചിരിച്ചശേഷം പറഞ്ഞു,

"അതൊക്കെ ഇന്നലെ കൊണ്ടു തീർന്നു . ഇനി എന്ത് ചങ്ങല ?. അല്ല നിങ്ങളുടെ മുഖത്തെന്താണ് ഒരു വിഷാദം ?. ലോകം മുഴുവൻ ഇനി നമ്മൾ മാത്രമല്ലേ? വിഷമം ഉണ്ടാക്കുന്നതൊന്നും ചുറ്റുമില്ല, രക്ഷ പ്പെട്ടില്ലേ !!! "

നടത്തം ഇരുളിൽ നിന്നും ഇരുണ്ട വെളിച്ചത്തിലേയ്ക്ക് നീങ്ങി.

എന്നിലെ അസാധാരണമായ നിർവികാരതകളെ കണക്കിലെടുത്ത് ഞാൻ ചോദിച്ചു, '

"പട്ടിക്കുട്ടാ നിനക്കിപ്പോൾ പൂച്ചകളെക്കുറിച്ചെന്തു തോന്നുന്നു. ?"

പട്ടി നടത്തം നിർത്തി എന്നെ തിരിഞ്ഞ് നോക്കി ഇളിച്ചു ; എന്നിട്ടു പറഞ്ഞു,

" നിങ്ങളെപ്പോലെ തന്നെ എനിക്കും ഒന്നും തോന്നുന്നില്ല. നീതിന്യായ വ്യവസ്ഥിതിയുടെ പേരിൽ ചില്ലറ ആഭ്യന്തര പ്രശ്നങ്ങളുണ്ടായിരുന്നു ; ഇപ്പോൾ അതും തീർന്നു. പാവം പൂച്ചകൾ " .

ഇത്തവണ ' കുട്ടാ' എന്നു വിളിക്കാൻ മാത്രം ഞാനുറച്ചുചോദിച്ചു . മൂന്നുവയസ്സുള്ള എന്റെ ലാബ്രഡോറിനെ കുട്ടൻ എന്ന് ഒരിയ്ക്കൽ വിളിച്ചിരുന്നു.

" കുട്ടാ ..."

ചെവി കൂർപ്പിച്ച് അവൻ വിളി കേട്ടു,

" എന്തോ "...

"നമ്മൾ എങ്ങോട്ടാ പോകുന്നത്?"

അവൻ പറഞ്ഞു ," നിങ്ങൾ കണ്ടില്ലേ, ലോകം മുഴുവൻ ഇപ്പോൾ

വഴികളാണ് .നേർവഴികൾ. !

നമ്മൾക്ക് നടക്കാം ഒരു വെട്ടം കാണട്ടെ അവിടെ നമ്മളെപ്പോലെ അരങ്കിലും കാണും."

പ്രതീക്ഷകളില്ലാതെ ഞാൻ പറഞ്ഞു

" നടക്കുക തന്നെ "...

ഒന്നു നിന്നു കൊണ്ട് ഞാൻ ചോദിച്ചു,

" എങ്കിലും കുട്ടാ ഭൂലോകം ചുമ്മാതെ അങ്ങ് അവസാനിച്ചല്ലോ.ഇൻറർനെറ്റിൽ ഒരു പാട് തവണ പറഞ്ഞതാ ലോകം തീരും, ഉൽക്ക വീഴും, തീമഴ പെയ്യും, വെള്ളം പൊങ്ങും .എല്ലാവരും നരകിച്ചു മരിക്കും എന്നൊക്കെ.സംഗതി അറിഞ്ഞതുപോലുമില്ല. ഇത് ചതിയായിപ്പോയി അല്ലേ !!! ?.

കുട്ടൻ ഒന്ന് ഞെളിഞ്ഞു നിന്നു, ശേഷം ചോദിച്ചു,

" എന്നിട്ടാ കമ്പ്യൂട്ടറും മറ്റും എന്തിയേ ? എല്ലാം പോയില്ലേ. ലോകത്തെക്കുറിച്ച് ലോകത്തിന്നുപോലുമറിയില്ല. എല്ലാം അവസാനിച്ചത് എങ്ങിനെയാണന്ന് മരിച്ചവർക്ക് അറിയുമോ?ഇല്ല.ജീവിച്ചിരിക്കുന്ന നമ്മൾക്കറിയാമോ ?അറിയില്ല. പരിഭവിച്ചിട്ടും ശൂന്യം പറഞ്ഞിട്ടും കാര്യമില്ല. നശിച്ചു പോയ ലോകത്തോട് എന്ത് ചോദിക്കാൻ? .എന്തിരുന്നാലും ഒരു കാര്യം ഉറപ്പാണ് ഈ ലോകം ജീവിച്ചിരുന്നത് മഹത്തരമായ മുതലെടുപ്പുലൂടെയും , വൈവിധ്യമാർന്ന തെണ്ടലിയുടെയും ,മനം കവർന്ന ഇരക്കലിലൂടെയുമായിരുന്നുന്നു. ഇതല്ലേ സത്യം?"

"അതെ ", എന്ന് അർഥം വരുന്ന രീതിയിൽ ഒന്നു മൂളിയിട്ടു ഞാനോർത്തു... "

നല്ല മറുപടി, കുട്ടൻ ആളു കൊള്ളാം...പ്രപഞ്ചത്തിലുള്ള കുട്ടൻമാരെല്ലാം വായ തുറന്നാൽ പ്രശ്നമാകും. അല്ലങ്കിലും ഞാൻ വായിച്ച പുരാണങ്ങളിലും , കഥകളിലും പട്ടി ഒരു വഴികാട്ടിയായിരുന്നു. യഥാർത്ത മനുഷ്യ

സ്നേഹിയായിരുന്നു, ആണ്....പണ്ടും പട്ടികളുടെ സംസർഗം ദൈവപുത്രൻ മാരുമായിരുന്നല്ലോ!.

ജീവിതത്തിന്റെ ഗതിവിഗതികളിൽ ഇന്നിതാ ഒരു പട്ടി മനുഷ്യപുത്രന് വഴികാട്ടുന്നു.".

എന്റെ ചോദ്യങ്ങൾ തീർന്നു.

ഞങ്ങളുടെ നടത്തത്തിൽ സമയവും ദൂരവും പദാർഥങ്ങളും എല്ലാമെല്ലാം ഉദ്ദേശക്കണക്കുകൾക്കും മുകളിലായിരുന്നു.

ഒടുവിൽ കുട്ടൻ പറഞ്ഞതുപോലെയതു സംഭവിച്ചു.

ദൂരെയൊരു വെട്ടം. അതിന്റെ കീഴിൽ ഒരു ചെറുപ്പക്കാരൻ .

കരിമ്പടം പുതച്ചു കിടക്കുന്ന ആകാശത്തേക്ക് അയാൾ കണ്ണും നട്ടിരുന്നു. ഞങ്ങൾ ഓടിയടുത്തപ്പോൾ അയാൾ മെല്ലെ എണിറ്റ് പൊടി തട്ടി. ശേഷം കൈയ്യിലെ വാച്ചു നോക്കിപ്പറഞ്ഞു.

" അഞ്ചു നാൽപ്പത്തിമൂന്നിനു രണ്ടു പേർ "!

അന്യന്റെ ജീവിതത്തിലെന്ന ലാഘവത്തോടെ ഞാൻ അയാളുടെ കൈയ്യിലിരുന്ന വാച്ചിൽ ഒളിഞ്ഞു നോക്കി. അതിൽ സൂചികൾ കണ്ടില്ലെന്നു മാത്രമല്ല, അർഥമറിയാത്ത കുറേ ചിഹ്നങ്ങൾ മാറി മറിഞ്ഞുകൊണ്ടിരുന്നു. ഞാൻ കുട്ടനെ നോക്കിയപ്പോൾ കുട്ടൻ പിൻകാലുകൾ കൊണ്ട് ചെവി ചൊറിയുകയായിരുന്നു.

എന്റെ ഒളിഞ്ഞുനോട്ടത്തിലെ ഉദ്ദേശ്യശുദ്ധി മനസ്സിലാക്കിയ അയാൾ എന്നെ നോക്കി പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു,

" നീയാരാണ് എന്ന് ചോദിച്ചാൽ ജാതിയും കൂറും കൂട്ടി പേരു പറയുന്നവർക്കാർക്കും ഇത് മനസ്സിലാവില്ല."

ലോകാവസാനത്തിലെ ജീവന്റെ തുടിപ്പുകൾ ഞങ്ങളാണ് എന്ന് ഉറച്ചുവിശ്വസിച്ചിരുന്നവർക്കിടയിൽ ഇതുവരെയില്ലായിരുന്ന അങ്കലാപ്പുകൾ ഉടലെടുക്കുകയും അതൊരു ചോദ്യമായി ഭവിക്കുകയും ചെയ്തു.

" അപ്പോൾ ഇതിനു മുൻപും ആളുകൾ ഇതുവഴിപോയിരുന്നോ?, അപ്പോൾ ലോകം അവസാനിച്ചില്ലേ? പറയൂ''...

അയാൾ പറഞ്ഞു.

"ലോകം അവസാനിച്ചു, നിങ്ങളുടേയും ഈ പട്ടിയുടേയും "..

അതുവരെയില്ലാതിരുന്ന ഞെട്ടലിൽ ഞങ്ങൾ നിന്നു.

ഞങ്ങൾ ഒരേ സ്വരത്തിൽ ചോദിച്ചു, " അപ്പോൾ ഞങ്ങൾ മാത്രം മരിച്ചുവെന്നാണോ "?

എന്റെ വികാരത്തള്ളലിൽ ഒരു ഭാവഭേദങ്ങളുമില്ലാതെ അയാൾ വാച്ചിലേയ്ക്ക് നോക്കി .കുറച്ചു നിമിഷങ്ങൾ...

അയാൾ മുഖമുയർത്തി എന്നെ നോക്കിപ്പറഞ്ഞു,

"അതെ ! താങ്കൾ ഗാഢമായ ഉറക്കത്തിൽ ശ്വാസംനിലച്ചു മരിച്ചു. ".

അപ്പോൾ ക്..കു..കുട്ടനോ ?

, '' അപരിചിതനെ കടിച്ച കാരണത്തിന് ആളുകൾ വിഷം വെച്ചു കൊന്നു ".

അപ്പോൾ ലോകo അവസാനിച്ചില്ല !!കുട്ടനും ഞാനും ഇളിഭ്യരായി നോട്ടങ്ങൾ കൈമാറവേ കുട്ടൻ എന്നോടു ചോദിച്ചു,

"അപ്പോൾ നമ്മൾ മരിച്ചോ മാഷെ ? " .

ഞാൻ പതിയെ അവനു കേൾക്കാൻ പാകത്തിൽപ്പറഞ്ഞു,

" ഞാൻ മരിച്ചു, നീ ചത്തു "!!!

അക്ഷമനായി ഞാൻ ചോദിച്ചു.

"ഇനിയിപ്പോൾ സ്വർഗവും നരകവും ആയിരിക്കുമല്ലോ അല്ലേ ". അയാൾ ചിരിച്ചു ശേഷം പറഞ്ഞു,

"ഇതിനു മുൻപ് പോയവരും അതു ചോദിച്ചു. ചിലർ അതു പറഞ്ഞ് കരഞ്ഞു, ചിലർ ചിരിച്ചപ്പോൾ മറ്റു ചിലർ ആക്രോശിച്ചു...നിങ്ങൾ

നടന്ന വഴികൾ പോലെയെല്ലാം വിജനമാണ്. താങ്കൾ പറഞ്ഞ സ്വർഗവും നരകവുമെല്ലാം നിങ്ങൾ തിരഞ്ഞെടുത്ത വഴികളിലാണ്.പൊയ്ക്കോള്ളു വാതായനം തുറക്കുവാൻ സമയമായി. "

ഞങ്ങൾ മെല്ലെ നടന്നു. മുന്നിൽ കത്തിയിരുന്ന ചെറിയ വെള്ളിവെളിച്ചം വലുതായിത്തുടങ്ങി. അത് ജ്വലിച്ചു. ഞങ്ങൾ അനങ്ങാതെ നിന്നു.

അയാൾ പറഞ്ഞു, " ഇത് വാതായനമാണ്, പുതിയ മാനത്തിലേയ്ക്ക് നിങ്ങൾക്കു പോകാനുള്ള വാതായനം. അവിടെ സ്വയം അറിഞ്ഞവർക്കു സ്വാതന്ത്ര്യം, അതിനു ശ്രമിക്കുന്നവർക്ക് വീണ്ടും പ്രപഞ്ച കഥനമീമാംസ.ഒരിക്കലും മനസ്സിലാകാത്തവർക്ക് മറ്റു ചില അഗാധമായ ഗർത്തങ്ങൾ .അതിലെ കൂരിരുൾ അവർക്കുള്ളതാണ്. അവർക്കും അലഞ്ഞു തിരിയാം.നടന്നുകൊള്ളുക "

ഞങ്ങൾ നടന്നു. വാതായനത്തിനടുത്ത് എത്തി നിന്ന എന്റെ കാലിൽ എവിടെ നിന്നോ രണ്ട് കരിവള്ളികൾ പടർന്നു കയറി .അവയെന്നെ താഴേയ്ക്ക് വലിച്ചു തുടങ്ങി.കുട്ടൻ നിസ്സഹായനായി എന്നെ നോക്കി നിൽക്കേ അവന്റെ ശരീരത്തിനു ചുറ്റും ഒരു തീവ്രമായ വെള്ളി വെളിച്ചം തെളിഞ്ഞു. അയാൾ കുട്ടന്റെയടുത്തുചെന്ന് മെല്ലെത്തലോടി. അവൻ ചില വെള്ളി, സ്വർണ കണികകളായി അയാളോടൊപ്പം ആ വാതായനത്തിലേയ്ക്ക് ലയിച്ചപ്പോൾ എന്റെ കാലിൽ പ്പിണഞ്ഞ കരിവള്ളികൾ ദേഹമാസകലം വ്യാപിച്ചു . അതിലെ മുള്ളുകൾ എന്നിലേയ്ക്ക് ആഴ്ന്നിറങ്ങി. കണ്ണുകൾ പൊട്ടി. നിലവിളിക്കാൻ എന്റെ കഴുത്തിൽ ശബ്ദമില്ല.ഞാനൊരു ശ്വാസം മാത്രമായി ശേഷിച്ചിരുന്നു.

ഞെട്ടിയുണർന്ന ഞാൻ കിടക്കയിൽ നിന്നും നിലത്തു വീണു. ഉൻമാദത്തിനു കുത്തിയ പെത്തഡിന്റെ കാലാവധി തീർന്നിരുന്നു..ദേഹമാസകലം വിയർപ്പുതുള്ളികൾ. ചിതറി നിൽക്കുന്ന കാഴ്ചകൾ.പറമ്പിൽ കുര കേട്ട് ജനാല വഴി

പുറത്തേയ്ക്ക് നോക്കിയ ഞാൻ കണ്ടത് ശലഭത്തെപ്പിടിക്കാൻ വാലു പൊക്കി ഓങ്ങി നിൽക്കുന്ന കുട്ടനെയാണ്.

ജനാലയിലൂടെ കൈയിട്ടു ഞാൻ വിളിച്ചു "പട്ടിക്കുട്ടാ... വാടാ...." തുകൽ കോളർ ചുറ്റിയ കഴുത്ത് പൊക്കിക്കൊണ്ടു അവൻ എന്നെ നോക്കി; വാലാട്ടിക്കൊണ്ട് ഓടി വന്ന് നിലത്ത് കിടന്നുരുണ്ടു.

ആശ്ചര്യം !!!...

അവന്റെ തലയ്ക്കു പിന്നിൽ സ്വപ്നത്തിൽക്കണ്ട അതേ വെള്ളി വെളിച്ചം. അതെന്റെ ശരീരത്തിലേയ്ക്കു തുളത്തു കയറിക്കൊണ്ടിരുന്നപ്പോൾ കുറച്ച് ജീവാണുക്കൾ ചേർന്ന് എന്റെ കൈ മടക്കിലെ വ്യണമണിഞ്ഞ ഉൻമാദ സുഷിരങ്ങളിലെ മുറിവുകളുണക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അക്കൂട്ടത്തിൽ വിഷാദിയായ ഒരാൾ എന്റെ ചെവിയിൽ വന്നു മെല്ലെപ്പറഞ്ഞു,

''എടാ , ലോകം അവസാനിച്ചിട്ടില്ല" !

അതുകേട്ട ഞാൻ ഉറക്കെച്ചിരിച്ചു കൊണ്ട് കുട്ടനോടു പറഞ്ഞു...

" കുട്ടാ, അടുത്ത ലോകാവസാനത്തിന് നീ പിന്നിൽ നടന്നാ മതി..."!.

ഒന്നും മനസ്സിലാകാതെ കുട്ടൻ എന്നെ നോക്കി നിന്നപ്പോൾ ഞാൻ മറുകയ്യിൽ റബ്ബർ നാട വലിച്ചു മുറുക്കി നല്ലയിനം ഞരമ്പുകൾ തിരയുന്ന തിരക്കിലായിരുന്നു. . അടുത്ത് കിടന്ന സിറിഞ്ചിലെ ദാഹജലത്തിനായി ' ഏതോ ഒരു ഞാൻ ' വിറക്കുന്നുണ്ടായിരുന്നു....